# ആരോഗ്യവും സുരക്ഷിതമായ ജീവിതവും ഉറപ്പുവരുത്തൂ, നീതിക്കായി പോരാടൂ : ഐറിൻ

വേണുഗോപാൽ, ദ ക്വസ്റ്റ് ഫീച്ചേഴ്സ്


ഫോട്ടോ : രാമചന്ദ്രൻ 'ഫോക്കസ്', മുണ്ടൂർ

**ഐറീൻ ഫെർണാണ്ടസ് മലേഷ്യൻ മലയാളി. സമാന്തര നോബൽ സമ്മാനമെന്ന് അറിയപ്പെടുന്ന റൈറ്റ് ലൈവ്‌ലി ഹുഡ് അവാർഡ് ജേതാവ് (2005) ട്രേഡ് യൂണിയൻ പ്രവർത്തക. ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീകളുടെ പ്രതിരോധത്തിന്റെ മുൻനിര നേതാവ്. കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മലേഷ്യൻ ഭരണകൂടവുമായി നിരന്തര സമരത്തിൽ. ഒരു സ്വകാര്യ സന്ദർശനത്തിന് കൊച്ചിയിൽ എത്തിയ ഐറീൻ പെരിയാറിന്റെ തീരത്തുള്ള ഏലൂർ ഗ്രാമത്തിൽ 'പെരിയാർ മലിനീകരണ വിരുദ്ധസമിതി' സംഘടിപ്പിച്ച ഭോപ്പാൽ ദിനാചരണത്തിൽ പങ്കെടുത്ത് സമിതിയുടെ കൺവീനർ പുരുഷൻ ഏലൂരിന്റെ വീട്ടിൽ വിശ്രമിക്കുമ്പോഴാണ് ഈ സംഭാഷണം നടന്നത്. അന്നും പെരിയാറിലേയ്ക്കൊഴുകുന്ന കുഴിക്കണ്ടം തോട് നിറംമാറി ചുവന്നാണ് ഒഴുകിയിരുന്നത്.**

**● കുഴിക്കണ്ടം തോട് നിറംമാറി ചുവപ്പുനിറത്തിൽ ഒഴുകുന്നത് താങ്കൾ കണ്ടുവല്ലോ? എന്ത് തോന്നുന്നു?**

ഭീകരമാണ് ഈ അവസ്ഥ. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉദ്യോഗസ്ഥർ വരുന്നതും സാമ്പിൾ എടുക്കുന്നതും അതുകൊണ്ടൊന്നും ഒരു കാര്യവുമില്ലെന്ന് സമീപവാസികളായ സ്ത്രീകൾ വിളിച്ചുപറയുന്നതും ഞാൻ കാണുകയും കേൾക്കുകയും ചെയ്തു. തോട്ടിലൂടെ തെളിനീരാണ് ഒഴുകേണ്ടത്. ഒരു ജൈവപ്രതിഭാസം കൊണ്ടും വെള്ളത്തിന്റെ നിറം മാറില്ല. ഈ വെള്ളത്തിൽ രാസമാലിന്യങ്ങൾ കലർന്നിട്ടുണ്ട് എന്നതിനു ഒരു തർക്കവുമില്ല. നഗ്നനേത്രങ്ങളുടെ സാക്ഷ്യപത്രം മതി ഇതിന്. ഇത്തരം മലിനീകരണം സ്ത്രീകളേയും കുട്ടികളേയുമാണ് ഏറ്റവും തീവ്രമായി ബാധിക്കുക. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജലമലിനീകരണം മൂലം കഷ്ടതയനുഭവിക്കുന്നവർ ഉണ്ട്. അങ്ങിനെയുള്ള ചെറിയ ചെറിയ സമൂഹങ്ങളുടെ അന്താരാഷ്ട്ര കൂട്ടായ്മ ഉണ്ടാവാൻ ഇനി വൈകിക്കൂടാ.



പാലക്കാടും ഇടുക്കിയിലും കേരളത്തിന്റെ തമിഴ്നാട് പ്രദേശങ്ങളിലും നിരോധിച്ചിട്ടും തെളിച്ചുകൊണ്ടിരിക്കുന്ന വിവിധയിനം അപകടകരമായ രാസ കള/കീടനാശിനികൾ
ഫോട്ടോ : ആറുമുഖൻ പത്തിച്ചിറ

**● മലേഷ്യയിലെ നദികളുടെ അവസ്ഥയെന്താണ്? മലിനീകരണം ഒരു പ്രശ്നമാണോ?**

പ്രശ്നമാണെന്നോ? 42 നദികളാണ് മലേഷ്യയിലൂടെ ഒഴുകുന്നത്. ഏതാണ്ടെല്ലാംതന്നെ മലിനമാണ്. വ്യാവസായിക മാലിന്യങ്ങൾ പരിസ്ഥിതി സംരക്ഷണ നിയമങ്ങളൊക്കെയുണ്ടെങ്കിലും വൻകമ്പനികൾക്ക് മലിനീകരണം നടത്തിക്കൊണ്ടു തന്നെ രക്ഷപ്പെടുകയും ചെയ്യാം. പിഴ അടച്ചാൽ മതി. മലിനീകരണം ഇല്ലാതാക്കാൻ വേണ്ട സജ്ജീകരണങ്ങൾക്കുവേണ്ടിവരുന്ന ചെലവിനേക്കാൾ എത്രയോ കുറവാണ് ഫൈൻ അടയ്ക്കേണ്ട തുക. അതുകൊണ്ട് പിഴ മലിനീകരണം തടയാനുള്ള ഒരു നിവർത്തിമാർഗ്ഗമല്ല. പാംഓയിൽ കമ്പനികളുടെ മാലിന്യങ്ങൾ ഒഴുകുന്നത് നദികളിലേയ്ക്കാണ്. നദികളുടെ വൃഷ്ടി പ്രദേശങ്ങളിലൊക്കെ വൻ ഭവനസമുച്ചയങ്ങൾ ഉയരുന്നു. അവയുടെ മാലിന്യങ്ങൾ ഒഴുകുന്നതും നദികളിലേയ്ക്കാണ്. കുന്നുകൾ ഇടിച്ചു നിരത്തപ്പെടുന്നു, മണ്ണൊലിപ്പ് കൂട്ടുന്നു. ഇതെല്ലാം നദികളെ വിപരീതമായി ബാധിക്കുന്നു. വൻ ജലവൈദ്യുത പദ്ധതികളും നദികളുടെ സ്വാഭാവിക ചംക്രമണത്തെ ബാധിക്കുന്നു. കേരളത്തിലെ അവസ്ഥയും ഏതാണ്ടിതൊക്കെത്തന്നെയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

● **പാംഓയിൽ കമ്പനികളെക്കുറിച്ചു പറയുകയുണ്ടായല്ലോ. വളരെക്കാലമായി പാംഓയിൽ കേരളീയരുടെ ഒരു പ്രശ്നമാണ്. ഞങ്ങളുടെ വെളിച്ചെണ്ണയും നിങ്ങളുടെ പാംഓയിലും രണ്ടും ഒത്തുപോകുന്നത്.. വെളിച്ചെണ്ണയിൽ പാംഓയിൽ കലർത്തി വെളിച്ചെണ്ണയെന്നു പറഞ്ഞു വിൽക്കുമ്പോൾ മാത്രം?**

ലോകത്തിൽ ഏറ്റവും കൂടുതൽ പാംഓയിൽ ഉല്പാദിപ്പിക്കുന്നതും കയററി അയയ്ക്കുന്നതും മലേഷ്യയിലാണ്. കൊഴുപ്പിന്റെ അളവുകുറവാണ് എന്നത് അതിന്റെ വിപണി വർദ്ധിപ്പിക്കുന്നു. എന്നാൽ ആവശ്യം കൂട്ടുന്നതനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാനായി മലേഷ്യയിലെ മഴക്കാടുകൾ നശിപ്പിച്ച് തോട്ടങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കയാണ്. സ്ത്രീകളും കുടിയേറ്റ തൊഴിലാളികളും ഉൾപ്പെടെ അനേകായിരം പേരാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. അവരിൽ ഏറെപ്പേരും അങ്ങേയറ്റം ചൂഷണം ചെയ്യപ്പെടുന്നു. അമിതമായ രാസവള പ്രയോഗം, യാതൊരു തത്ത്വദീക്ഷയുമില്ലാതെ കീടനാശിനി ഉപയോഗിക്കുന്നതുമൂലമുണ്ടാവുന്ന പരിസ്ഥിതി-ആരോഗ്യ പ്രശ്നങ്ങൾ, ഇവയെല്ലാം ചേർന്ന ഒരു ദൂഷിത വലയമായിരിക്കുകയാണ് മലേഷ്യയിലെ പാംഓയിൽ വ്യവസായം.

മലേഷ്യയിൽനിന്ന് പാംഓയിൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ രണ്ടാംസ്ഥാനം ഇന്ത്യയ്ക്കാണ്. എന്നാൽ കാര്യമായ യാതൊരു മാനദണ്ഡങ്ങളും ഇന്ത്യ നിഷ്കർഷിക്കുന്നില്ല. അതേസമയം യൂറോപ്യൻ യൂണിയൻ രാജ്യങ്ങളേ നോക്കൂ. അവർക്ക് കൃത്യമായ മാനദണ്ഡങ്ങളുണ്ട്. 'സുസ്ഥിരമായ പാംഓയിൽ' ആണ് അവർക്ക് വേണ്ടത്. കാടുവെട്ടിത്തെളിച്ച സ്ഥലത്തു വളർത്തിയ പനതോട്ടങ്ങളിൽ നിന്നാവരുത്, പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ പാലിച്ചിരിക്കണം രാസവളങ്ങൾ ഉപയോഗിക്കാൻ പാടില്ല, കീടനാശിനി പ്രയോഗം തീരേയും പാടില്ല, തുടക്കം മുതലുള്ള പ്രക്രിയകൾ സുതാര്യമായിരിക്കണം തുടങ്ങിയവയാണ് അവരുടെ നിഷ്കർഷകൾ. ഇങ്ങിനെയുള്ള പാംഓയിലിന് കൂടുതൽ വില നൽകാൻ അവർ തയ്യാറാണ്.

● **പാംഓയിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനെപ്പറ്റിയെന്താണ് താങ്കളുടെ കാഴ്ചപ്പാട്?**

പാംഓയിൽ ഒരു ജൈവഇന്ധനമായും ഉപയോഗിക്കാമെന്നു വന്നതോടെ കാര്യങ്ങൾക്കു മറ്റൊരു മാനം കൈവന്നിരിക്കുകയാണ്. ഒരു ഭക്ഷ്യവസ്തു യന്ത്രങ്ങൾക്ക് ഇന്ധനം ആയി മാറണോ എന്നതാണ് ആലോചിക്കേണ്ടത്. ഭക്ഷ്യസുരക്ഷയ്ക്കു പ്രാധാന്യമില്ലേ? ഏഷ്യയിൽ മാത്രം 60 കോടി ജനങ്ങളാണ് വിശപ്പിന്റെ ദൈന്യത അനുഭവിക്കുന്നത്. മൂന്നാം ലോകരാഷ്ട്രങ്ങളിൽ ലഭ്യമായ ഭൂമി എന്തിനുവേണ്ടി ഉപയോഗിക്കണം എന്തിനാണ് മുൻഗണന നൽകേണ്ടത് എന്നു വികസിത രാജ്യങ്ങളല്ലാ തീരുമാനിക്കേണ്ടത്. അവരെല്ലാം ഭക്ഷ്യസുരക്ഷ നേടിയ രാജ്യങ്ങളാണ്. ഇപ്പോഴും തങ്ങളുടെ കർഷകർക്ക് സബ്സിഡിയും നൽകുന്നു. ഭക്ഷ്യ



എണ്ണപ്പനയുടെ കുല ഫോട്ടോ : സി.എസ്. സംഗമേശൻ

സുരക്ഷ വിട്ടൊരുകളി അവർക്കില്ല. എന്നാൽ മിക്ക വികസ്വര രാജ്യങ്ങളും ഇതു തിരിച്ചറിയുന്നില്ല.

പാംഓയിൽ ഇറക്കുമതി കേരളത്തിലെ കേരകർഷകരെ ബാധിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. ആഗോളീകരണത്തിന്റെ ഭാഗമായ സ്വതന്ത്രവ്യാപാരക്കരാറുകളുടെ ഒരു സ്വാഭാവിക പരിണാമമാണിത്. ആഗോളഗ്രാമത്തിൽ പ്രാദേശിക സമൂഹങ്ങളുടെ താൽപര്യങ്ങൾ ബലികഴിക്കപ്പെടുന്നു.

● **താങ്കൾ 'പെസ്റ്റിസൈഡ് ആക്ഷൻ നെറ്റ്‌വർക്കിന്റെ' ചെയർപേഴ്സൺ ആയിരുന്നല്ലോ?**

അതെ. കീടനാശിനികൾ പൂർണ്ണമായും ഒഴിവാക്കി സുസ്ഥിരമായ കൃഷി എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. കീടനാശിനികളുടെ പ്രയോഗം മൂലമുണ്ടാവുന്ന പ്രശ്നങ്ങളെപ്പറ്റി തൊഴിലാളികൾക്ക് അവബോധം തീരെയുണ്ടായിരുന്നില്ല. ഗർഭച്ഛിദ്രങ്ങളും അംഗവൈകല്യങ്ങളുമുള്ള കുട്ടികൾ ജനിക്കുന്നത് വ്യാപകമായതോടെയാണ് ഇതേപ്പറ്റി അന്വേഷണങ്ങൾ തുടങ്ങിയത്. കേരളത്തിൽ എൻഡോസൾഫാൻ പോലെയായിരുന്നു, മലേഷ്യയിൽ 'പാരാക്വാറ്റ്' എന്ന കീടനാശിനി. അതുല്പാദിപ്പിക്കുന്ന സ്വിറ്റ്സർലണ്ടിൽ തന്നെ നിരോധിക്കപ്പെട്ടിരിക്കുകയാണ്. അതിരിക്കട്ടെ, കേരളത്തിൽ നിന്ന് എൻഡോസൾഫാൻ പൂർണ്ണമായും അപ്രത്യക്ഷമായോ?

● **അതേപ്പറ്റി വ്യക്തമായ ഒരു ചിത്രം ലഭ്യമല്ല. ഉപയോഗം നിരോധിച്ചിരിക്കുകയാണ്. എന്നാൽ അയൽ സംസ്ഥാനങ്ങളിൽനിന്നു കടത്തിക്കൊണ്ടുവന്ന് തേയില തോട്ടങ്ങളിലും മാന്തോട്ടങ്ങളിലും ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്.**

അയൽ സംസ്ഥാനങ്ങളിൽ വില്പനയുണ്ടെങ്കിൽ നിരോധനം എങ്ങനെ ഫലവത്താകും? ഞങ്ങൾ ചെയ്യുന്നത് - ഏതൊക്കെ കീടനാശിനികൾ ഉപയോഗിക്കുന്നു എന്ന് നിരീക്ഷിക്കാൻ അതാത് കമ്യൂണിറ്റിയെ ഏല്പിക്കുകയാണ്. നിരോധിതമായ ഏതെങ്കിലും കീടനാശിനി പ്രയോഗിച്ചാൽ അപ്പോൾ തന്നെ ഞങ്ങൾക്കു വിവരം ലഭിക്കുന്നു. അതിനാൽ അടുത്ത നടപടികൾ തുടങ്ങാൻ കാലവിളംബം ഉണ്ടാവാറില്ല.



എണ്ണപ്പന കൃഷിത്തോട്ടം-ഇത് മലേഷ്യയിൽനിന്നല്ല അതിരപ്പിള്ളിക്ക് സമീപം പി.സി.കെ. (സർക്കാർ) തോട്ടത്തിൽനിന്ന് ഫോട്ടോ : സി.എസ്.സംഗമേശ്വരൻ

**● അധ്യാപികയായിരുന്ന താങ്കൾ ജോലി ഉപേക്ഷിച്ച് പൊതുജീവിതത്തിലേക്ക് ഇറങ്ങാനുണ്ടായ സാഹചര്യമെന്തായിരുന്നു?**

ഏതാണ്ട് മൂന്നു ദശകങ്ങൾക്കു മുമ്പാണത്. അന്നു മലേഷ്യൻ പൊതുജീവിതത്തിൽ സ്ത്രീകളുടെ സാന്നിദ്ധ്യവും വളരെ കുറവായിരുന്നു. സ്ത്രീകളെ ഉൾപ്പെടുത്തുന്ന സംഘടനകൾ തന്നെ വിരളമായിരുന്നു. വൈ.ഡബ്ലിയു.സി.എ. പോലുള്ള സ്ഥാപനങ്ങൾ സ്ത്രീകൾക്ക് പരമ്പരാഗതമായി വിധിക്കപ്പെട്ടിട്ടുള്ള പാചകകല, പുഷ്പാലങ്കാരം തുടങ്ങിയ ശാലിന സുന്ദരമായ പ്രവർത്തികളിൽ പരിചയം ഉണ്ടാക്കികൊടുക്കുമായിരുന്നു. എന്നാൽ മനുഷ്യജീവിതത്തെ ആഴത്തിൽ സ്പർശിക്കുന്ന ഒരു മേഖലയിലേയ്ക്കും സ്ത്രീകൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. അസംഘടിതരായ ആയിരക്കണക്കിനു സ്ത്രീ തൊഴിലാളികൾ മലേഷ്യയിൽ അങ്ങോളമിങ്ങോളമുണ്ടായിരുന്നു. ടെക്സ്റ്റൈൽ മേഖലയിൽ തൊഴിലാളി യൂണിയനേ ഉണ്ടായിരുന്നില്ല. അവരെ സംഘടിപ്പിക്കാനായിരുന്നു എന്റെ ആദ്യശ്രമം. അതോടൊപ്പം തന്നെ ഫ്രീ ട്രേഡ് സോണുകളിലെ തൊഴിലാളികളേയും. ഈ സോണുകളിലെ സ്ത്രീകളുടെ അവസ്ഥ വളരെ മോശമായിരുന്നു. വിശ്രമമില്ലാതെ 12 മണിക്കൂറോളം കഠിനാധ്വാനം. സ്ത്രീ തൊഴിലാളികളിൽ ഭൂരിപക്ഷവും വിദൂരഗ്രാമങ്ങളിൽ നിന്നു വന്നവർ. ലൈംഗിക ചൂഷണമുൾപ്പെടെ എല്ലാത്തരം ചൂഷണങ്ങൾക്കും വിധേയരാവേണ്ടവർ.

**● ഇന്ത്യയിലെ സ്പെഷ്യൽ ഇക്കണോമിക് സോണുകളിലെ (സെസ്സ്) അവസ്ഥ ഇന്നും ഇതൊക്കെത്തന്നെയാണല്ലോ. ഈ സോണുകളിലെ തൊഴിലാളികളെ സംഘടിപ്പിക്കുക വളരെ ബുദ്ധിമുട്ടുള്ള, ഏതാണ്ട് നടക്കാത്ത ഒരു കാര്യമാണെന്നാണല്ലോ ഇവിടുത്തെ പല പ്രമുഖ ട്രേഡ് യൂണിയൻ പ്രവർത്തകരും നേതാക്കന്മാരും പറയുന്നത്?**

ബുദ്ധിമുട്ടാണെന്നത് ശരി തന്നെ. എന്നാൽ നടക്കാത്ത കാര്യമൊന്നുമല്ല. എനിക്കും ആദ്യം അങ്ങോട്ടു കടക്കാനായില്ല. ഞാൻ അക്ഷരാർത്ഥത്തിൽ പ്രച്ഛന്നവേഷം ധരിച്ചു. ഒരു ഗാർമെന്റ് യൂണ[illegible] തൊഴില[illegible]യായി [illegible] കുറേക്കാലം പണിയെടുത്തു. ക്രമേണ, എനിക്ക് തൊഴിലാളികളെ സംഘടിപ്പിക്കാനായി. യൂണിയൻ ഉണ്ടാകുന്നത് രഹസ്യമാക്കിവെയ്ക്കാൻ കഴിയില്ലല്ലോ. ഇതു പുറത്തറിഞ്ഞതോടെ എസ്റ്റാബ്ലിഷ്മെന്റ് തിരിച്ചടിച്ചു. അവർ എന്റെ ഫോട്ടോ മറ്റെല്ലാ സോണിലേയ്ക്കും അയച്ചു. എന്നെ അവിടെ പ്രവേശിപ്പിക്കരുതെന്ന മുന്നറിയിപ്പോടെ. എങ്കിലും അവസാനം നാഷണൽ ടെക്സ്റ്റൈൽ വർക്കേഴ്സ് യൂണിയൻ നിലവിൽ വന്നു!

**● ഐ.ടി. മേഖലയിലും സംഘടനാ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി, ഇല്ലേ?**

ഉവ്വ്. ഇലക്ട്രോണിക് വർക്കേഴ്സ് യൂണിയനുവേണ്ടിയും പ്രയത്നിച്ചു. എന്നാൽ അത്ര ഫലവത്തായില്ല. ഓരോ കമ്പനിയിലും യൂണിയനാവാം, ഉദാഹരണത്തിന് ഇന്റലിലാവാം, ഐസിഎംൽ ആവാം, എന്നാൽ ഈ യൂണിയനുകളെല്ലാം ചേർന്ന് ഒരു മാതൃസംഘടന ഉണ്ടാക്കുന്നതിനു അനുവാദമില്ല. അതുകൊണ്ടുതന്നെ അവകാശങ്ങൾക്കുവേണ്ടി കൂട്ടായി പൊരുതാൻ കഴിഞ്ഞില്ല.

**● ഇന്ത്യയിൽ ഈയിടെയാണ് 'ഡൊമസ്റ്റിക് വയലൻസി'നെ സംബന്ധിക്കുന്ന നിയമം പ്രാബല്യത്തിൽ വന്നത്. താങ്കളുടെ പരിശ്രമഫലമായി വർഷങ്ങൾക്കു മുമ്പേ മലേഷ്യയിൽ ഈ നിയമം നിലവിൽ വന്നു. നിയമം മാത്രം കൊണ്ടു പരിഹരിക്കപ്പെടാവുന്നതാണോ സ്ത്രീകൾക്കെതിരെ ഉണ്ടാവുന്ന അതിക്രമങ്ങൾ?**

ഒരിക്കലുമല്ല. ഞങ്ങളുടെ അനുഭവവും അതുതന്നെയാണ് തെളിയിക്കുന്നത്. ഭർത്താവ് ഭാര്യയെ പീഡിപ്പിക്കുന്നുവെന്നു മാത്രമല്ല, അവളെ ചവിട്ടി പുറത്താക്കുകയും ചെയ്യുന്നു. ആക്രമിക്കപ്പെടുന്നവർ സ്വന്തം പാർപ്പിടത്തിൽനിന്നു നിഷ്കാസിതരുമാവുന്നു. നിയമം അവിടെ നിസ്സഹായമാവുന്നു. കാരണം, അക്രമിയുടെ പേരിലാണ് വീട്. വീട്ടിനുള്ളിൽ അക്രമം സഹിക്കേണ്ടി വരുന്ന സ്ത്രീകൾ കുറച്ചുദിവസം സർക്കാരിന്റെ പുനരധിവാസ കേന്ദ്രങ്ങളിൽ കഴിഞ്ഞിട്ട്, നിവർത്തികേടുകൊണ്ട് ഭർത്താവിന്റെ വീട്ടിലേയ്ക്കു തന്നെ മടങ്ങിപ്പോവുന്നു. അപ്പോൾ പോലീസ് ഓഫീസർമാർ ഞങ്ങളോടു



പാലക്കാട് ജില്ലയിലെ കൊല്ലങ്കോടിനടുത്തുള്ള പ്രദേശങ്ങൾ മാന്തോട്ടങ്ങൾക്ക് പ്രസിദ്ധമാണ്. ഇപ്പോൾ എൻഡോസൾഫാൻ തെളിക്കുന്നതിനാൽ അനാരോഗ്യ മേഖലയിൽ പ്രസിദ്ധം. ഫോട്ടോ : എസ്. ഗുരുവായൂരപ്പൻ

**ഒടുവിൽ കിട്ടിയത് : വീണ്ടും കേരളത്തിൽ എൻഡോസൾഫാൻപോലെ മാരകമായ കാർബോറിൽ തെളിക്കാൻ കാർഷികസർവ്വകലാശാല ശുപാർശ. ജാഗ്രത!**

പറയും, കണ്ടില്ലേ, അവൾക്കു പരാതിയില്ല, നിങ്ങളെന്തിനാണ് ഞങ്ങളോടു കയർക്കുന്നത്? സ്ത്രീക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിഞ്ഞാൽ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാവൂ. നിയമം കൊണ്ടു കാര്യമില്ലെന്നല്ല. കുറച്ചു പേരെയെങ്കിലും അക്രമത്തിൽ നിന്നു പിൻതിരിപ്പിക്കാൻ നിയമത്തിനു കഴിയും. എങ്കിലും സ്ത്രീശാക്തീകരണമാണ് യഥാർത്ഥ പോംവഴി.

● **താങ്കളുടെ ഇപ്പോഴത്തെ സംഘടനയുടെ പേര് 'ടെനാഗനിറ്റ' (Tenaganita) എന്നാണല്ലോ? കുടിയേറ്റ തൊഴിലാളികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ശക്തമായ ഒരു സംഘടനയാണതെന്ന് ഞാൻ മനസ്സിലാക്കുന്നു.**




**പാരക്വാറ്റിന്റെ രാഷ്ട്രീയം**
ജോസി എം. ഫെർണാണ്ടസും റാഷ് ബിഹാരി ഭട്ടാചാർജിയും ചേർന്ന് എഴുതി ടെനാഗനിറ്റയും പെസ്റ്റിസൈഡ് ആക്ഷൻ നെറ്റ്‌വർക്കും പ്രകാശിപ്പിച്ച പുസ്തകം

'സ്ത്രീ ശക്തി' എന്നാണ് ആ വാക്കിന്റെ അർത്ഥം. സ്ത്രീകളുടെ ശാക്തീകരണം എന്ന ഉദ്ദേശത്തോടെയാണ് ഈ സംഘടന രൂപീകരിച്ചത്. എത്രയോ സ്ത്രീകളാണ് മലേഷ്യയിൽ വേശ്യാവൃത്തിയിലേയ്ക്കു തള്ളപ്പെടുന്നത്. അവർക്കു ധാർമ്മികമൂല്യങ്ങൾ നഷ്ടപ്പെട്ടതുകൊണ്ടാണ്, സ്വയം വഴി പിഴച്ചവരായതുകൊണ്ടാണ് വേശ്യാവൃത്തി സ്വീകരിക്കുന്നതെന്നാണ് പൊതുസമൂഹം സ്വയം വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത്. ആ സ്ത്രീകളെ വഴിപിഴപ്പിക്കുന്ന പുരുഷന്മാരെ തീർത്തും വെറുതേ വിടുന്നു. ഈ സ്ത്രീകൾ അദൃശ്യരായി, തങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച പാപഭാരവും പേറി കഴിയുന്നു. ഈ അദൃശ്യരെ ദൃശ്യതയിലേയ്ക്കു കൊണ്ടുവരുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഞങ്ങൾക്കു ഹെൽപ് ലൈനുകളുണ്ട്. ഏതു സമയത്തും വിളിക്കാം. അവരുടെ പ്രശ്നങ്ങൾ ഞങ്ങൾ ഏറ്റെടുക്കുന്നു. അവർക്ക് ഒരു നിഴലെങ്കിലും ഉണ്ടാക്കിക്കൊടുക്കുന്നു.

ഇവരിൽ എച്ച്.ഐ.വി. പോസിറ്റീവ് ആയി ഏറെപ്പേർ ഉണ്ടാവുക തികച്ചും സ്വാഭാവികം. അവരുടെ ചികിത്സയും പുനരധിവാസവും ഞങ്ങൾ ഏറ്റെടുക്കുന്നു. കുടിയേറ്റ തൊഴിലാളികളിലും ഇങ്ങിനെയുള്ളവരുടെ എണ്ണം വളരെയേറെയാണ്. അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ഞങ്ങൾ മുന്നോട്ടുവന്നതോടെ അവരോടൊപ്പമുള്ള പുരുഷന്മാരും ഞങ്ങളെ സമീപിക്കാൻ തുടങ്ങി. അങ്ങിനെയാണ് ടെനാഗനിറ്റ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ കുടിയേറ്റ തൊഴിലാളികളുടെ സംഘടനയായി മാറിയത്.

● **സ്വന്തം രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്ത് പോയി പണിയെടുക്കുന്ന തൊഴിലാളികൾ നാട്ടിലേയ്ക്ക് പണമയയ്ക്കുന്നു, കഷ്ടപ്പാടുകൾ സഹിച്ചിട്ടാണെങ്കിലും നേർക്കാഴ്ചയ്ക്കപ്പുറത്ത്, ലോക സമ്പദ്ഘടന തന്നെ ഈ പാവങ്ങളെ ചൂഷണം ചെയ്യുന്നുവെന്ന് തോന്നിയിട്ടുണ്ടോ?**

തീർച്ചയായും. ആഗോളവൽകൃത സമ്പദ്‌വ്യവസ്ഥയിൽ തൊഴിലാളികൾ ഒരു ചരക്കായി മാറിയിരിക്കുകയാണ്. അവരെ പരാമർശിക്കുന്നതുതന്നെ 'മനുഷ്യ മൂലധനം' എന്നല്ലേ? ലോകബാങ്കും ഐ.എം.എഫും തൊഴിലാളികളുടെ വിദേശത്തേയ്ക്കുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കുകയല്ലേ? എന്തിനാണത്? വികസ്വര രാജ്യങ്ങളുടെ വിദേശനാണ്യശേഖരം വർദ്ധിപ്പിക്കണം. എന്നാൽ മാത്രമേ അവർ ഉണ്ടാക്കിക്കൂട്ടിയിട്ടുള്ള വിദേശകടം തിരിച്ചടയ്ക്കാൻ വേണ്ടത്ര വിദേശനാണയം സ്വരൂപിക്കാൻ കഴിയൂ. ആയുധങ്ങൾക്കും സമ്പന്നർക്കു വേണ്ട ആഡംബര വസ്തുക്കൾക്കും വേണ്ടി കടംവാങ്ങിയ വിദേശനാണയം, അതാതു സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരുടെ അധ്വാനത്തിലൂടെ സമാഹരിക്കണമെന്ന നീചമായ കൗശലമാണ് ഇവർ അനുവർത്തിക്കുന്നത്.

● **കുടിയേറ്റ തൊഴിലാളികളുടെ ഇടയിലെ പ്രവർത്തനങ്ങളുടെ ബാക്കിയായി താങ്കൾക്ക് ഒരു വർഷത്തെ തടവുശിക്ഷ ലഭിച്ചിരുന്നല്ലോ. ഒന്നു വിശദീകരിക്കാമോ?**

അസത്യവാർത്ത പ്രചരിപ്പിച്ചു എന്ന കുറ്റം ചുമത്തിയാണ് എന്നെ അറസ്റ്റു ചെയ്തത്. കുടിയേറ്റ തൊഴിലാളികളുടെ ശോചനീയമായ അവസ്ഥ വ്യക്തമാക്കിക്കൊണ്ട് ഞാൻ ഒരു റിപ്പോർട്ടു പ്രസിദ്ധീകരിച്ചു. 46 പേർ ക്യാമ്പുകളിൽ വച്ചു മരിച്ചിട്ടുണ്ടെന്ന് സമ്മതിച്ചെങ്കിലും സർക്കാർ എന്റെ പേരിൽ കുറ്റമാരോപിച്ചു. ഏഴു വർഷങ്ങളിലൂടെ 300 പ്രാവശ്യം കോടതിയിൽ കയറ്റിയിറക്കി, 2003 ൽ ആണ് വിധി പ്രസ്താവിക്കുന്നത്. ജാമ്യമെടുത്ത് അപ്പീൽ നൽകിയിരിക്കുകയാണ്. പാസ്പോർട്ടും പിടിച്ചുവച്ചിരിക്കുകയാണ്.

● **പൊതുജീവിതവും സ്വകാര്യ ജീവിതവും പൊരുത്തപ്പെടുത്തിക്കൊണ്ടുപോവാൻ കഷ്ടപ്പെടേണ്ടി വരുന്നുണ്ടോ?**

ബുദ്ധിമുട്ടുകൾ തീർച്ചയായും ഉണ്ടായിരുന്നു. പൊതുജീവിതത്തിലേയ്ക്കു കടക്കുമ്പോൾ എല്ലാം മാറിമറിയില്ലേ? വീട്ടിൽ വൈകുന്നേരം തിരിച്ചെത്തുന്ന സമയം മുതൽ എല്ലാം കുട്ടികളേയും വളർത്തേണ്ടിയിരുന്നു. ഞാൻ കുട്ടികളെ മീറ്റിങ്ങുകളിലേയ്ക്കും മറ്റും കൊണ്ടുപോകുമായിരുന്നു. ഞാൻ ഓർക്കുന്നു, പല പ്രാവശ്യം ഞാൻ എന്റെ മകനെ മാറത്ത് ഒരു സഞ്ചിയിലാക്കി ചർച്ചകളിലും യോഗങ്ങളിലും കൊണ്ടുപോയിരുന്നു. പ്രസംഗിക്കുമ്പോൾ തന്നെ അവനുമുലയും കൊടുക്കുമായിരുന്നു. എല്ലാത്തിനും ഭർത്താവിന്റെ സഹകരണവുമുണ്ടായിരുന്നു. എന്റെ പൊതുജീവിതത്തിലെ ദൈനംദന കാര്യങ്ങൾ ഞാൻ ഭർത്താവുമായി പങ്കുവയ്ക്കാറുണ്ടായിരുന്നു. പൊതുപ്രവർത്തകരായ പുരുഷന്മാർ പൊതുവേ ഇതു ചെയ്യാത്തത് കഷ്ടമാണ്. തങ്ങളുടെ കുടുംബം സ്വന്തം വീട്ടിനപ്പുറത്തേയ്ക്കു ദീർഘിപ്പിക്കുകയാണ് പൊതു പ്രവർത്തകർ ചെയ്യേണ്ടത്.

Irene Fernadez, e-mail : tenaganita@yahoo.co.uk
കസ്റ്റ്, സി.കെ. ലെയിൻ, എസ്.ആർ.എം. റോഡ്, കൊച്ചി-18